"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-എഞ്ചിനീയറിംഗ് വിഭാഗം-വിജിലൻസ് കേസ് വി.സി.4/19/കോട്ടയം - ശ്രീ ബിജ്ജു കെ. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്, ശ്രീമതി ചിത്ര എസ്, മുൻ അസിസ്റ്റൻറ് എൻജിനീയർ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് - സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.1665/2020/ത.സ്വ.ഭ.വ     തീയതി,തിരുവനന്തപുരം, 15/09/2020

---

പരാമർശം:- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.08.2019 ലെ സി2(വിസി 4/2019/കോട്ടയം) 19582/2019 നം.കത്ത്.

**ഉത്തരവ്**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ബിജ്ജു കെ. മുൻ അസിസ്റ്റൻറ് എൻജിനീയർ ശ്രീമതി ചിത്ര എസ് എന്നിവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 409,465,468,471, 120(ബി)34 വകുപ്പുകളും, 1998-ലെ അഴിമതി നിരോധന നിയമത്തിലെ 7, 13 (1) (സി) & (ഡി) r/w 13(2) വകുപ്പുകളും 13(1)(എ) Amended Section – നും പ്രകാരം വി.സി 4/2019/കോട്ടയം എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി പരാമർശം പ്രകാരം വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ. കോട്ടയം യൂണിറ്റ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ, 2017-2018 വർഷത്തിൽ ലോകബാങ്ക് സഹായത്തോടെ കൂടി തലനാട് ഗ്രാമപഞ്ചായത്തിലെ 1,2,3 വാർഡുകളെ ബന്ധിപ്പിക്കുന്ന 1.5 കിലോമീറ്റർ നീളത്തിലുള്ള മറയാട്ടിക്കൽ-ചൊവ്വൂർ റോഡ് റീട്ടെയിനിംഗ് വാൾ നിർമ്മാണം എന്നിവയ്ക്ക് അനുവദിച്ച എസ്റ്റിമേറ്റ്, നിയമാനുസൃതമുള്ള സാങ്കേതിക അനുമതി വാങ്ങാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും അഞ്ചും ആറും പ്രതികൾക്ക് (പ്രൈവറ്റ് കോൺട്രാക്ടേഴ്സ്) നൽകി മേൽപരാമർശിച്ച ഉദ്യോഗസ്ഥർ ഗൂഢാലോചന നടത്തി ആയതിന്റെ ഫലപ്രാപ്തിക്ക് തങ്ങളുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് സ്വന്തം സാമ്പത്തിക നേട്ടത്തിന് സർക്കാർ ഫണ്ട് വെട്ടിക്കുന്നതിന് പരസ്പരം ഉത്സാഹികളും സഹായികളുമായി പ്രവർത്തിച്ച് സർക്കാർ ഖജനാവിന് 62,43,859/-(അറുപത്തി രണ്ട് ലക്ഷത്തി നാല്പത്തി മൂവായിരത്തി എണ്ണൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) രൂപയുടെ നഷ്ടം ഉണ്ടാക്കുകയും അഞ്ചും ആറും പ്രതികൾക്ക് അന്യായ സാമ്പത്തിക നേട്ടം ഉണ്ടാവുകയും ചെയ്തു എന്ന് വെളിവായതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മേൽ പരാമർശിച്ച കുറ്റാരോപിതരെ സർവീസിൽ നിന്നും മാറ്റിനിർത്തി ഈ കേസിൽ അന്വേഷണം നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്നാണ് വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ പരാമർശിച്ച വിജിലൻസ് കേസിൽ, വിജിലൻസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിജ്ജു കെ. മുൻ അസിസ്റ്റന്റ് എൻജിനീയർ ചിത്ര എസ് എന്നിവരെ അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടി ഉദ്യോഗസ്ഥർക്ക് ഉപജീവന ബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

1. ശ്രീ. ബിജു കെ.,എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എെ.യു., ആലപ്പുഴ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ശ്രീമതി ചിത്ര എസ്. , അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവനന്തപുരം കോർപറേഷൻ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
3. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) , കേരള, തൃശ്ശൂർ
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. സെക്രട്ടറി, പി.ഐ.യു., ആലപ്പുഴ(*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
7. സെക്രട്ടറി, തിരുവനന്തപുരം കോർപറേഷൻ(*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9. വിജിലൻസ്(ഡി) വകുപ്പ്(26.08.2019 ലെവിജി.ഡി3/49/2019-വിജി. നമ്പർ കത്ത് പ്രകാരം)
10. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
11. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
SREEKANTH
Date: 2020.  21:56:17 IST
Reason: Approved
സെക്ഷൻ ഓഫീസർ